മല്യ വിജയം മദ്യ വിജയം

കെ. രാജേശ്വരി



മല്യ വിജയം മദ്യ വിജയം

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2026, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Dark Forest, a painting by Akshay Theriln. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മല്യ വിജയം മദ്യ വിജയം

വിജയ് മല്യ

പണത്തിനുമീതേ പരുന്തും പറക്കില്ല എന്നാണ് പഴമൊഴി. കള്ളുവിറ്റ കാശിനുമീതെ കഴുകനും പറക്കില്ല എന്ന് പുതുമൊഴി. ഇരുമൊഴികളെയും അന്വർഥമാക്കിക്കൊണ്ടാണ് മദ്യരാജാവ് വിജയ് മല്യയുടെ രാജ്യസഭാ പ്രവേശം.

കെ. കരുണാകരൻ

യു. ബി. ഗ്രൂപ്പ് എന്ന മദ്യമഹാസാമ്രാജ്യത്തിന്റെ അധിപനാണ് വിജയ് മല്യ. മഹാകുബേരൻ. പരമഭഗവതൻ. അദ്ദേഹമാണ് ശബരിമല ശ്രീകോവിൽ തങ്കംകൊണ്ടുപൊതിഞ്ഞത്. സന്നിധാനത്തും പമ്പയിലും മാളികപ്പുറത്തുമൊക്കെ സ്ഥാപിച്ച പരസ്യബോർഡുകൾ ഹൈക്കോടതി നിർദേശപ്രകാരം നീക്കം ചെയ്തില്ലായിരുന്നെങ്കിൽ 'ശരണമയ്യപ്പാ' എന്ന ഭക്തിനിർഘോഷം ഇതിനോടകം 'ശരണമല്ലയ്യാ' എന്നായി മാറിപ്പോയേനെ. മല്യയുടെ മാതൃക പിന്തുടർന്നാണ് മണിച്ചൻ ശാർക്കരക്ഷേത്രത്തിൽ ആനക്കൊട്ടിലുണ്ടാക്കിയതെന്നും കേൾക്കുന്നു.

പൂന്താനം

പണമായി പ്രതാപമായി ദൈവാനുഗ്രഹവുമായി. എന്നാലിനി ചില പദവികൾകൂടി വേണം എന്ന് മല്ലയ്യൻ മോഹിച്ചത് സ്വാഭാവികം. പൂന്താനം പണ്ടു പാടിയപോലെ ആശയാകുന്ന പാശമിതങ്കേന്ന് വേർവിടാതെ കരേറുന്നു മേൽക്കുമേൽ. പത്മഭൂഷൻ പത്മവിഭൂഷൺ മുതലായവയിലേക്കല്ല പാർലമെന്റംഗത്വത്തിലേക്കാണ് മല്ലയ്യന്റെ ചിന്ത പോയത്. രാജ്യസഭയിലാണെങ്കിൽ വലിയ ദേഹാധ്വാനം കൂടാതെ കഴിയാം. ആറുവർഷത്തേക്ക് തെരഞ്ഞെടുപ്പിനെപ്പറ്റി ചിന്തയും വേണ്ട.

വി. എസ്. അച്യുതാനന്ദൻ

224 അംഗങ്ങളുള്ള കർണാടക നിയമസഭയിൽ നിന്ന് നാലുപേരെയാണ് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കേണ്ടത്. 133 അംഗങ്ങളുള്ള കോൺഗ്രസിന് മൂന്നാളെ വിജയിപ്പിക്കാം. 42 മെമ്പർമാരുള്ള ബി. ജെ. പി.-ക്കു വലിയ ബദ്ധപ്പാടുകൂടാതെ നാലാമനെയും സഖ്യകക്ഷിയായ ജനതാദൾ(യു) ദേവഗൗഡയുടെ മതേതര ജനതാദളുമായി ചേർന്ന് മൂന്നാം ചേരിയുണ്ടാക്കിയതുപോലും ബി. ജെ. പി.-ക്കു പ്രശ്നമാകുമായിരുന്നില്ല. ഇരുപതോളം വരുന്ന സ്വതന്ത്രരിൽ ഏതാനും പേരുടെ പിന്തുണ നേടാവുന്നതേയുള്ളൂ.

ദേവഗൗഡ

വിജയ് മല്യ സ്വതന്ത്ര സ്ഥാനാർഥിയായാണ് രംഗപ്രവേശം ചെയ്തത്. എസ്. കെ. പൊറ്റെക്കാട് പണ്ട് സ്വയം വിശേഷിപ്പിച്ചപോലെ സർവ്വതന്ത്രകുതന്ത്ര സ്വതന്ത്രൻ. രാമകൃഷ്ണ ഹെഗ്ഡേയുടെ ഐക്യ ജനതാദളും ഗൗഡയുടെ മതേര ജനതാദളും തൽക്ഷണം മദ്യരാജാവിന് പിന്തുണ പ്രഖ്യാപിച്ചു. ബി. ജെ. പി.-യിലെ രണ്ടംഗങ്ങൾ കൂടി മല്യയുടെ പിന്നിൽ അണിനിരന്നതോടെ സ്ഥിതിഗതികൾ പ്രവചനാതീതമായി. നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധനാ വേളയിൽ ബി. ജെ. പി. മല്യക്കെതിരെ നിരവധി ആക്ഷേപങ്ങളുന്നയിച്ചു. വരണാധികാരി അവയെല്ലാം നിരാകരിച്ചു.

സി. എ. കുര്യൻ

വോട്ടെണ്ണിത്തീർന്നപ്പോൾ ബി. ജെ. പി.-യും കോൺഗ്രസും ഒരുപോലെ ഞെട്ടി. കോൺഗ്രസ് സ്ഥാനാർഥികളായ ജനാർദനൻ പൂജാരിക്ക് 59, പ്രേമാകരിയപ്പക്ക് 45, എം. വി. രാജശേഖരന് 44, ബി. ജെ. പി.-യിലെ താരാദേവി സിദ്ധാർഥക്ക് 49. ആദ്യറൗണ്ട് വോട്ടെണ്ണലിൽതന്നെ മല്യ പാട്ടും പാടി ജയിച്ചു. ആദ്യം പുറത്താക്കപ്പെട്ട രണ്ടുപേർക്ക് പുറമെ ആറ് ബി. ജെ. പി.-ക്കാരും ഏഴ് കോൺഗ്രസുകാരും വിലയേറിയ തങ്ങളുടെ സമ്മതിദാനാവകാശം മദ്യരാജാവിന് അനുകൂലമായി വിനിയോഗിച്ചു.

വെളിയം ഭാർഗവൻ

നാല് പതിറ്റാണ്ട് ഇന്ത്യാരാജ്യം ഭരിച്ചപാർട്ടിയാകുന്ന കോൺഗ്രസ്. നിലവിൽ ഭരിക്കുന്ന പാർട്ടിയാണ് ബി. ജെ. പി. മദ്യവർജനത്തിൽ അടിയുറച്ചവിശ്വസിക്കുന്ന കോൺഗ്രസുകാരെയും മൂല്യാധിഷ്ഠിത രാഷ്ട്രീയക്കാരായ ബി. ജെ. പി.-ക്കാരെയും ഇത്രയെളുപ്പത്തിൽ വിലകൊടുത്തു വാങ്ങാമെന്ന് തെളിയിച്ച വിജയ് മല്യയെ ഹാർദമായി അഭിനന്ദിക്കുക. അദ്ദേഹം ഇന്ത്യൻ പാർലമെന്റിന് ഒരു മുതൽകൂട്ടായിരിക്കും.

പി. ജെ. കുര്യൻ

രാജ്യസഭാ തെരഞ്ഞെടുപ്പിലെ കുതിരക്കച്ചവടം പുതുമയുള്ള കാര്യമൊന്നുമല്ല. വർത്തകപ്രമാണിയും ധന്യാഢ്യനുമായ സാലേ മുഹമ്മദ് സേട്ട് ആറ് കോൺഗ്രസ് എം. എൽ. എ.-മാരെ പണംകൊടുത്തു വാങ്ങിയിട്ടാണ് 1964-ൽ രാജ്യസഭയിലേക്ക് പോയത്. എന്തിന് മുതാളിമാരെ മാത്രം പഴിക്കണം? സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയി. അടുത്തുണ് പറ്റിയ ഒരു പുമാൻ രാജ്യസഭാംഗമാകാൻ എം. എൽ. എ.-മാർക്ക് പണം കൊടുത്ത സംഭവം അടുത്തകാലത്ത് ഒറീസയിൽ ഉണ്ടായി.

കുമാരനാശാൻ

മല്യയുടെ ഐതിഹാസിക വിജയം രാജ്യത്തെമ്പാടുമുള്ള മദ്യമുതലാളിമാരെ ആവേശഭരിതരാക്കുമെന്നും കൂടുതൽ പേരെ രാഷ്ട്രീയത്തിലേക്കു ആകർഷിക്കുമെന്നും പ്രത്യാശിക്കുക. കേരളത്തെ സംബന്ധിച്ചിടത്തോളം മണർകാട്പാപ്പന്റെ ധീരപാരമ്പര്യവുമുണ്ട് അബ്കാരികൾക്ക്. പാർട്ടി ഭേദം മതദ്വേഷം ഏതുമില്ലാതെ സർവർക്കും സംഭാവന കൊടുത്ത് സന്തോഷമായി ജീവിച്ച പാപ്പൻ ചേട്ടനെ ഖദറിടുവിച്ച് കോൺഗ്രസ് സ്ഥാനാർഥിയാക്കിയത് കെ. കരുണാകരൻ. 1980-ലെ തെരഞ്ഞെടുപ്പിൽ പീരുമേട് മണ്ഡലത്തിലായിരുന്നു പാപ്പന്റെ പുത്തരിയങ്കം. എതിർ സ്ഥാനാർഥി സിറ്റിംഗ് എം. എൽ. എ. കൂടിയായിരുന്ന സഖാവ് സി. എ. കുര്യനും പ്രൊഫ. പി. ജെ. കുര്യനും, പി. ജെ. കുര്യൻ റെക്കോർഡ് ഭൂരിപക്ഷത്തോടെ ജയിച്ചു. പാപ്പന്റെ ജാമ്യസംഖ്യ നഷ്ടമായി. അതോടെ രാഷ്ട്രീയം മടുത്ത പാപ്പൻ ക്രമേണ മദ്യവ്യവസായ രംഗത്തുനിന്നുതന്നെ പിന്മാറി.

മദ്യവ്യവസായവുമായി നേരിട്ട് ബന്ധമുള്ള മൂന്നു അംഗങ്ങളുണ്ട് കേരള നിയമസഭയിൽ. രണ്ടുപേർ കോൺഗ്രസുകാർ മൂന്നാമൻ ജനാധിപത്യ സംരക്ഷകനും. എന്നാൽ നാളിതുവരെ ഒറ്റ അബ്കാരിയും കേരളത്തെ പ്രതിനിധാനം ചെയ്ത് പാർലമെന്റിലെത്തിയിട്ടില്ല. എന്തൊരു പോക്കണംകേടാണിത് ജനാധിപത്യ കേരളമേ ലജ്ജിച്ച് തലതാഴ്ത്തുക!

പാർലമെന്റ് അംഗമാകാൻ തലയെടുപ്പം താൻ പോരിമയുമുള്ള ഏത് മദ്യമുതലാളിയുണ്ടിപ്പോൾ. മണർകാടു പാപ്പനും കെ. എസ്. ചാത്തുണ്ണിയുമൊക്കെ പരലോകപ്രാപ്തരായിരിക്കുന്നു. ഇ. കെ. ചന്ദ്രസേനൻ ആണെങ്കിൽ ജയിൽശിക്ഷ അനുഭവിച്ച് ആശുപത്രിയിൽ കഴിയുന്നു. വന്നിട്ടും പോയിട്ടും ഒരാളേ ബാക്കിയുള്ളൂ—അബ്കാരി കുലതിലകനും ശ്രീനാരായണധർമപരിപാലക നായകനുമായ വീരശ്രീ വെള്ളാപ്പള്ളി നടേശൻ.

സി. ഒ. പൗലോസ്

2003 ഏപ്രിലിൽ കേരളത്തിൽനിന്നുള്ള മൂന്ന് രാജ്യസഭാംഗങ്ങളുടെ—സഖാക്കൾ എസ്. രാമചന്ദ്രൻപിള്ള, സി. ഒ. പൗലോസ്, ജെ. ചിത്തരഞ്ജൻ—ടേം അവസാനിക്കും. ന്യായപ്രകാരം യു. ഡി. എഫ്.-ന് ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കും. യു. ഡി. എഫിന്റെ രണ്ട് സീറ്റിൽ ഒരെണ്ണം കോൺഗ്രസ് എടുത്തിട്ട് മറ്റേത് നടേശന് നൽകാവുന്നതാണ്. മാർകിസ്റ്റ് പാർട്ടിയുടെ ഈഴവ വോട്ടുബാങ്ക് തകർത്തതിനുള്ള എളിയ പാരിതോഷികമായിരിക്കും അത്. ഐക്യ ജനാധിപത്യ മുന്നണി സീറ്റുകൊടുക്കാത്തപക്ഷം എൽ. ഡി. എഫിനുതന്നെ മുതലാളിയെ സ്പോൺസർ ചെയ്യാവുന്നതേയുള്ളൂ. വി. എസ്. അച്യുതാനന്ദനും വെളിയം ഭാർഗവനും എത്ര പണിപ്പെട്ടാണ് നടേശനെ ഒരു ഫിഗറാക്കിയത്. വെള്ളാപ്പള്ളിയെ തിരിച്ചുപിടിക്കുന്നതു വഴി മുന്നണിയുടെ ജനകീയാടിത്തറ ശക്തമാവുകയും ചെയ്യും.

വെള്ളാപ്പള്ളി നടേശൻ

ഇരുമുന്നണികളും കൈവിടുന്നപക്ഷം ബി. ജെ. പി.-ക്കും ഒരു കൈനോക്കാം. ഒന്നുകിൽ രാജഗോപാലിനെപ്പോലെ മധ്യപ്രദേശിലോ ഗുജറാത്തിലോ മറ്റോ കൊണ്ടുപോയി നിറുത്തി ജയിപ്പിക്കാം. അതല്ലെങ്കിൽ രാഷ്ട്രപതിയെക്കൊണ്ട് നടേശനെ രാജ്യസഭയിലേക്കു നാമനിർദ്ദേശം ചെയ്യിക്കാം. സാഹിത്യം, ശാസ്ത്രം, കല, സാമൂഹികസേവനം എന്നിവയിൽ പ്രത്യേക ജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ളവരിൽനിന്ന് 12 പേരെ ഭരണഘടനയുടെ 80 (3) അനുച്ഛേദപ്രകാരം രാഷ്ട്രപതിക്ക് രാജ്യസഭാംഗങ്ങളായി നാമനിർദ്ദേശം ചെയ്യാം. ശ്രീ നാരായണ സൂക്തങ്ങൾക്ക് പുത്തൻ പരിപ്രേക്ഷ്യം ചമച്ച ചിന്തകൻ എന്ന നിലക്കും പുതിയ മദ്യനയത്തിന്റെ ഉപജ്ഞാതാവെന്ന നിലയിൽ കേരളീയ സമൂഹത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ചും രണ്ടാമതൊന്ന് ആലോചിക്കാതെ അദ്ദേഹത്തെ നോമിനേറ്റ് ചെയ്യാവുന്നതാണ്. എസ്. എൻ. ഡി. പി. യോഗത്തിന്റെ ആദ്യകാല സെക്രട്ടറിമാരായ കുമാരനാശാനെയും എൻ. കുമാരനെയും ശ്രീമൂലം പ്രജാസഭയിലേക്ക് നോമിനേറ്റ് ചെയ്യുകയുണ്ടായി എന്ന കാര്യവും സ്മരണീയമാണ്. യോഗത്തിന്റെ ഇന്നത്തെ ആസ്തിയും നടേശന്റെ വ്യക്തിമഹത്ത്വത്തിലേക്ക് പരിഗണിക്കുമ്പോൾ രാജ്യസഭയിലേക്കെന്നല്ല യു. എൻ. സെക്യൂരിറ്റി കൗൺസിലിലേക്കു നാമനിർദേശം ചെയ്താലും അധികമാവുകയില്ല.

എസ്. രാമചന്ദ്രൻപിള്ള

ഇടതു-വലതു മുന്നണികളുടെയും ബി. ജെ. പി.-യുടെയും സത്വരശ്രദ്ധ ഇക്കാര്യത്തിൽ പതിയുമെന്നു പ്രത്യാശിക്കട്ടെ.

□

അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>